ക്ലബ്ബുകൾക്കും വായനശാലകൾക്കും നൽകിവരുന്ന സഹായങ്ങൾ

162(1419) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമവകുപ്പുവഴി ക്ലബ്ബുകൾക്കും വായനശാലകൾക്കും നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഇതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും അറിയിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാലക്കുടി മണ്ഡലത്തിലെ ഏതെങ്കിലും ക്ലബ്ബുകൾക്കോ, വായനശാലകൾക്കോ ഇത്തരത്തിലുള്ള സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) യുവജനക്ഷേമ വകുപ്പ് കേരള യുവജനക്ഷേമ ബോർഡ് മുഖാന്തരം ക്ലബ്ബുകൾക്കും വായനശാലകൾക്കും തൊഴിൽ പരിശീലനം ബോധവൽക്കരണം, കാർഷിക വികസന പദ്ധതികൾ, സാഹസിക പരിശീലനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനാവശ്യമായ ധനസഹായം നൽകിവരുന്നു.

(ബി) സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളവയും യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളവയുമായ ക്ലബ്ബുകൾക്കും സന്നദ്ധ സംഘടനകൾക്കും വായനശാലകൾക്കും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ അർഹത പരിശോധിച്ച് ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ധനസഹായം നൽകുന്നു.

(സി) ഉണ്ട്. സ്വയംതൊഴിൽ പരിശീലനത്തിനായി ചാലക്കുടിയിലുള്ള ജീവൻ ഗ്രാമവികസന സൊസൈറ്റി എന്ന സംഘടനയ്ക്ക് 9000 രൂപ ധനസഹായം നൽകിയിട്ടുണ്ട്.

ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാരുടെയും പ്രോഗ്രാം ഓഫീസർമാരുടെയും നിയമനം

163(1420) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് യുവജനക്ഷേമ ബോർഡിനു കീഴിൽ ജില്ലാതല യൂത്ത് കോ-ഓഡിനേറ്റർമാരും, പ്രോഗ്രാം ഓഫീസർമാരും ഉള്ളതെന്ന് ജില്ലയുടെ പേരും, ജില്ലാ കോ-ഓർഡിനേറ്റർമാരുടെയും പ്രോഗ്രാം ഓഫീസർമാരുടെയും പേരും സഹിതം വെളിപ്പെടുത്തുമോ ;

(ബി) ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാരുടെയും പ്രോഗ്രാം ഓഫീസർമാരുടെയും അടിസ്ഥാന വിദ്യാഭ്യാസയോഗ്യതയും, ലഭിക്കുന്ന സേവനവേതനങ്ങളും എന്തെല്ലാമെന്ന് തരംതിരിച്ച് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാരെയും, പ്രോഗ്രാം ഓഫീസർമാരെയും സ്ഥിരപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇവരുടെ ചുമതല എന്തൊക്കെയാണെന്നും, എന്തൊക്കെ സേവനങ്ങളാണ് നൽകുന്നതെന്നും വെളിപ്പെടുത്തുമോ ;

(ഇ) ഇവരുടെ പ്രവർത്തനങ്ങളും ഹാജരും സർക്കാർ പരിശോധിക്കാറുണ്ടോ ;

(എഫ്) ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാരുടെയും പ്രോഗ്രാം ഓഫീസർമാരുടെയും നിയമനം പി.എസ്.സി.-ക്ക് വിടാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദ വിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	ജില്ലാ ഓഫീസറുടെ പേര്	ജില്ലാ കോ-ഓർഡിനേറ്റർമാരുടെ പേര്
1	തിരുവനന്തപുരം	ശ്രീമതി ലൈജു റ്റി.എസ്.	ഇല്ല
2	കൊല്ലം	ശ്രീമതി ഉദയകുമാരി എസ്	ശ്രീ. ഹരികുമാർ
3	പത്തനംതിട്ട	ശ്രീമതി ബിന്ദു വി.എസ്.	ഇല്ല
4	ആലപ്പുഴ	ശ്രീമതി ശ്രീലേഖ ആർ.എസ്.	ശ്രീ. പി.എസ്.എം. ഹുസൈൻ
5	കോട്ടയം	ശ്രീമതി ശ്രീകല	ശ്രീ. നവീൻ കുമാർ
6	ഇടുക്കി	ശ്രീ. പ്രദീപ് കുമാർ കെ. ജി.	ശ്രീ. പ്രിൻസ് മാത്യു
7	എറണാകുളം	ശ്രീമതി സബിത സി.റ്റി.	ശ്രീ. മതീഷ് എ.കെ.
8	തൃശ്ശൂർ	ശ്രീമതി ചന്ദ്രികാദേവി ആർ.എസ്.	ഇല്ല
9	മലപ്പുറം	ശ്രീമതി പ്രസീത കെ.	ശ്രീ. ശ്രീജിത്ത് റ്റി.കെ.
10	പാലക്കാട്	ശ്രീമതി ഷീജ ബി	ഇല്ല
11	കോഴിക്കോട്	ശ്രീമതി ഷിലാസ് പി.സി.	ശ്രീ. പ്രകാശൻ
12	വയനാട്	ശ്രീ. അബ്ദുൾ അസീസ് ഓത്തുപള്ളി	ഇല്ല
13	കണ്ണൂർ	ശ്രീ. വിനോദൻ പുത്തിയിൽ	ശ്രീ. ബിജു കെ.
14	കാസർഗോഡ്	ശ്രീമതി ശ്രീകല എസ്.	ശ്രീ. എൻകെ. മനോജ്കുമാർ
15	ഹെഡ് ഓഫീസ്	ശ്രീമതി ബീന എസ്.ബി.	ഇല്ല
		ശ്രീ. ശങ്കർ എം.എസ്.	

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രോഗ്രാം ഓഫീസർമാരുടെ വിദ്യാഭ്യാസ യോഗ്യത ബിരുദാനന്തര ബിരുദം/എം.എസ്.ഡബ്ല്യു. കമ്പ്യൂട്ടർ പരിജ്ഞാനം, യുവജനക്ഷേമ പ്രവർത്തനങ്ങളിലുള്ള പരിചയം എന്നിവയും ജില്ലാ കോ-ഓർഡിനേറ്റർമാരുടെ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി.-യും യുവജനക്ഷേമ പ്രവൃത്തനങ്ങളിലുള്ള പ്രവൃത്തി പരിചയവുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് യുവശക്തിയുടെ ഭാഗമായി യൂത്ത് കോ-ഓർഡിനേറ്റർമാർ നടത്തുന്ന വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയാണ് ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ചുമതല. യുവജനക്ഷേമ ബോർഡ് തീരുമാനിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നത് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർമാർ മുഖേനയാണ്. പുതിയ പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നതും ഇവരുടെ ചുമതലയാണ്. ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർമാർക്ക് 12,000 രൂപയും ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാർക്ക് 5,000 രൂപയും പ്രതിമാസ വേതനമായി നൽകി വരുന്നു.

(സി) ഇക്കാര്യം പരിഗണനയിലില്ല.

(ഡി) യുവശക്തി പദ്ധതിയുടെ ഭാഗമായി നടത്തുന്ന വിവിധ പദ്ധതികൾ. കേരളോത്സവ നടത്തിപ്പ് തുടങ്ങിയ യുവജനക്ഷേമ ബോർഡിന്റെ എല്ലാ പദ്ധതികളും അതാത് ജില്ലകളിൽ നടത്തേണ്ട ചുമതല ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കാണ്. പഞ്ചായത്ത് കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നതാണ് ജില്ലാതല യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ചുമതല.

(ഇ) യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറി ഇവരുടെ പ്രവർത്തനങ്ങളും ഹാജരും പരിശോധിക്കാറുണ്ട്.

(എഫ്) യുവശക്തി പദ്ധതിയുടെ ഭാഗമായി നിയമിച്ചിട്ടുള്ള ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല. എന്നാൽ യൂത്ത് പ്രോഗ്രാം ഓഫീസർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ടെങ്കിലും നിയമനം പി.എസ്.സി.-ക്ക് വിടുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

കേരളോത്സവത്തിൽ അംഗീകാരം നേടുന്ന യുവജനങ്ങൾക്ക് ഗ്രേസ് മാർക്ക്

164(T1421) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളോത്സവം ആകർഷകമാക്കുവാനും, കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി സംസ്ഥാനതലത്തിൽ കേരളോത്സവത്തിൽ അംഗീകാരം നേടുന്ന യുവജനങ്ങൾക്ക് സർക്കാർ സർവ്വീസിൽ പരിഗണിക്കപ്പെടുന്നതിലേയ്ക്ക് ഗ്രേസ് മാർക്ക് നല്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

കേരളോത്സവത്തിൽ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് കേരളോത്സവ/ദേശീയ യുവജനോത്സവ മത്സര വിജയികൾക്ക് ഉപരിപഠനത്തിനും സർക്കാർ ജോലികൾക്കും പ്രത്യേക പരിഗണന/ഗ്രേസ് മാർക്ക് നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly